"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.ഫിറോസ.പി, ജൂനിയർ കൺസൽട്ടന്റ് (ഗൈനക്കോളജി) ബഹു:ട്രൈബ്യൂണലിൻ മുമ്പാകെ ഫയൽ ചെയ്ത OA(EKM) No.1027/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 27.06.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2659/2023/H&FWD തീയതി,തിരുവനന്തപുരം, 12-10-2023

പരാമർശം:-
1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.06.2023-ലെ ഇ.എ1-5160/2023/ആവഡ നമ്പർ നടപടിക്രമം
2. ഡോ.ഫിറോസ.പി, ജൂനിയർ കൺസൽട്ടന്റ് സമർപ്പിച്ച 16.06.2023 തീയതിയായ അപ്പീൽ അപേക്ഷ (Annexure A7)
3. OA(EKM) No.1027/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 27.06.2023-ലെ ഉത്തരവ്
4. സ.ഉ (സാധാ) നം.1984/2023/ആകുവ തീയതി 05.08.2023.

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ ജൂനിയർ കൺസൽട്ടന്റ്മാരുടെ പരാമർശം (1) നടപടിക്രമ പ്രകാരം പുറപ്പെടുവിച്ച 2023 പൊതുസ്ഥലംമാറ്റത്തിൽ കണ്ണൂർ മങ്ങാട്ടുപറമ്പ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൽട്ടന്റ് ഡോ.ഫിറോസ.പി. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ പരാമർശം (2) അപ്പീൽ സമർപ്പിക്കുകയും, ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA(EKM) No.1027/2023 കേസ് ഫയൽ ചെയ്യുകയും ഉണ്ടായി. പരാമർശം (3) ഉത്തരവ് പ്രകാരം അപേക്ഷകയെയും ബന്ധപ്പെട്ട

91836

GOVERNMENT OF KERALA 2017-18

കക്ഷികളെയും നേരിൽ കേൾക്കുന്നതിനും പരാമർശം (2) അപ്പീൽ അപേക്ഷ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒന്നാം എതിർകക്ഷിയായ സർക്കാരിനെ പ്രതിനിധീകരിക്കുന്ന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നു.

2) സ്പെഷ്യാലിറ്റി കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ 2023 പൊതുസ്ഥലം മാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിന്മേലുള്ള ട്രൈബ്യൂണലിന്റെ നിർദ്ദേശം അനുപാലിക്കുന്നതിന്റെ ഭാഗമായി പരാമർശം (4) പ്രകാരം രൂപീകൃതമായ കമ്മിറ്റി 18.08.2023-ൽ അപേക്ഷകയെയും ബന്ധപ്പെട്ട കക്ഷികളെയും നേരിൽ കേൾക്കുകയും അപേക്ഷക സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷ പരിശോധിക്കുകയും ചെയ്തിരുന്നു.

3)അപ്പീൽ അപേക്ഷ ചുവടെ ചേർക്കുന്നു:

കരട് സ്ഥലംമാറ്റ പട്ടികയിൽ രണ്ടാം ഓപ്ഷനായ താമരശ്ശേരി താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റുന്നതിന് ഉൾപ്പെടുത്തിയിരുന്നു. യോജിച്ച സ്ഥലംമാറ്റം ആയതിനാൽ അപ്പീൽ സമർപ്പിച്ചില്ല. എന്നാൽ അന്തിമ ഉത്തരവിൽ കണ്ണൂർ മങ്ങാട്ടുപറമ്പ W&C ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റി. ഇതിനെതിരെ 01.06.23-ന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചു. എന്നാൽ ആയത് പരിഗണിക്കപ്പെട്ടില്ല. കരട് പട്ടികയിലെ സ്റ്റേഷനിലേയ്ക്കോ ഹോം സ്റ്റേഷനിലെ ഏതെങ്കിലും സ്ഥാപനത്തിലേയ്ക്കോ സ്ഥലംമാറ്റം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് 16.06.2023-ന് സർക്കാർ മുമ്പാകെ Annexure A7 അപ്പീൽ സമർപ്പിച്ചു.

4) കമ്മിറ്റി ടി വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. താമരശ്ശേരി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമനം നൽകിയിരുന്ന ഡോ.പ്രസ്സില്ല മസ്കാരനസിനെ കോഴിക്കോട് നാദാപുരം താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് മാറ്റി നിയമിച്ച് പ്രസ്തുത സ്ഥാപനത്തിൽ ഡോ.ഫിറോസയ്ക്ക് നിയമനം നൽകുന്നതിന് കമ്മിറ്റി തീരുമാനിച്ചു. എന്നാൽ ഡോ.പ്രസില്ല മസ്കാരനസ്സ്, ബഹു. ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM)

No.908/2023-ന്മേലുള്ള 08.08.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ടുള്ള ഉത്തരവിന് വിധേയമായിട്ടായിരിക്കും ഡോ.പ്രസ്സില്ല മസ്കാരസ്സിനെ സ്ഥലംമാറ്റേണ്ടതെന്നും കമ്മിറ്റി അഭിപ്രായപ്പെട്ടു.

5) മേൽ സാഹചര്യത്തിൽ, ഡോ.പ്രസില്ല മസ്കാരനസ്സ്, ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) No.908/2023-ന്മേലുള്ള ട്രൈബ്യൂണലിന്റെ 08.08.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് പുറപ്പെടുവിക്കാനിരിക്കുന്ന ഉത്തരവിന് വിധേയമായി, ഡോ.ഫിറോസ.പി-ക്ക് താമരശ്ശേരി താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിനും, പ്രസ്തുത ആശുപത്രിയിൽ ജോലി ചെയ്തു വരുന്ന ഡോ.പ്രസ്സില്ല മസ്കാരസ്സിനെ കോഴിക്കോട് നാദാപുരം താലൂക്ക് ആസ്ഥാന ആശുപത്രിയിലെ നിലവിലുള്ള ഒഴിവിലേയ്ക്ക് മാറ്റി നിയമിക്കുന്നതിനും ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവാകുന്നു.

6) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) No.1027/2023-ന്മേലുള്ള 27.06.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEJITH V P

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), വയനാട് / കോഴിക്കോട്.

Dr.Firosa.P., Junior Consultant (Gynaecology), Umminiyil House, Kuttooli, Valillapuzha.P.O, Malappuram - 673 639.

Dr.Sujitha Madhavan, Junior Consultant (Gynaecology), General Hospital, Manjeri, Malappuram - 676 121.

Dr.Rohans Joy, Junior Consultant (Gynaecology), General Hospital, Manjeri, Malappuram - 676 121.

Dr.Lizzie, Junior Consultant (Gynaecology), Taluk Head Quarters Hospital, Thamarassery, Kozhikode - 673 573.

Dr.Prescilla Mascarenhas, Junior Consultant (Gynaecology), Taluk Head Quarters Hospital, Thamarassery, Kozhikode - 673 573.

Dr.Saleema Paduppingal, Junior Consultant (Gynaecology),, District Hospital, Nilambur, Malappuram - 679 329.

7491839

GOVERNMENT OF KERALA 2017-18

സ.ഉ.(സാധാ) നം.2659/2023/H&FWD

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
Date: 12-10-2023 21:01:14

മേലെഴുത്ത് നം. ഇ എ1-5160/2023/ആ.വ.വ, തീയതി 13.10.2023

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും മേൽനടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.ഡയ്ക്ക് വേണ്ടി